**കെ.വി.എ.എസ്.യൂ/എം.സി./പൊതുവായത്/അദ്ധ്യായം - 1.6**
*(43-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ നടപടിക്രമം)*

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 43-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്

തീയ്യതി : **28** ജനുവരി **2023**, സമയം : ഉച്ചക്ക് **02.30** മണി
വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/651/2022)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
3. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
4. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
5. ഡോ. എസ്.എൻ. രാജകുമാർ, ഡീൻ, വി.കെ.ഐ.ഡി.എഫ്.റ്റി., മണ്ണുത്തി.
6. ശ്രീ. വിഷ്ണു. ടി. (വിദ്യാർത്ഥി പ്രതിനിധി)
7. ഡോ. സാബിൻ ജോർജ്ജ് (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
8. ഡോ. സജിത്ത് പുരുഷോത്തമൻ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
9. ഡോ. ലീബ ചാക്കോ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
10. ശ്രീ. രവിചന്ദ്രൻ.യു. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
11. ശ്രീ. ഷൈജു. കെ. ആർ. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
12. ഡോ. ജി. ഗിരിഷ് വർമ്മ (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത സയന്റിസ്റ്റ്)
13. ഡോ. പ്രമോദ്. കെ. (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത സയന്റിസ്റ്റ്)
14. ശ്രീ. തോമസ്. കെ.കെ. (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത കർഷകൻ)
15. ശ്രീമതി. ലീനാമ്മ ഉദയകുമാർ (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത കർഷക)
16. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
2. ശ്രീമതി. ഷൈല. പി.എസ്., സർവ്വകലാശാലാ ലോ ഓഫീസർ
3. ശ്രീ. മനോജ്. ടി.ആർ., ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
4. ശ്രീ. ശ്രീ. ആലിക്കോയ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (i/c) (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)

യോഗം 02.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. അടുത്ത കാലത്ത് സർവ്വകലാശാലക്ക് ലഭിച്ച പ്രധാന നേട്ടങ്ങളും സർവ്വ കലാശാലയുടെ പ്രവർത്തനങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- ഭുവനേശ്വറിൽ വച്ചു നടന്ന IAAVP കോൺഫറൻസിൽ ഡോ. ബിന്ദു ലക്ഷ്മൺ Sri. S.M. Ismayil Award 2022 കരസ്ഥമാക്കി. (For her work in Veterinary Helminthology)

- IAVHPHS-ൽ വിവിധ വിഭാഗങ്ങളിൽ സർവ്വകലാശാലാ നിരവധി അവാർഡുകൾ കരസ്ഥമാക്കി.
  - ✓ ഡോ. വൃന്ദ മേനോൻ, ഡോ. ദീപ ജോളി, ഡോ. സൂര്യ ശങ്കർ (Best Oral Presentation)
  - ✓ ഡോ. സി. ലത (Best research paper published in JVPH 2019)
  - ✓ ഡോ. ദീപ്തി വിജയ് (Best thesis award)
  - ✓ ഡോ. രാധിക. എൻ. & ഡോ. ഹരിഹരൻ. ആർ (Student travel grant award)
  - ✓ ഡോ. ഹേമ പെർസിസ് ആൻഡ്രൂസ് (Poster presentation award)

- 2022 വർഷത്തിലെ ഐ.സി.എ.ആർ. പി.ജി. എൻട്രൻസ് പരീക്ഷയിൽ മികച്ച റാങ്കുകൾ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കി.

- VCRI നാമക്കലിൽ നടന്ന ISVPT 2022 ൽ സർവ്വകലാശാലാ ഫാർമക്കോളജി വിഭാഗം ചുവടെ പറയുന്ന അവാർഡുകൾ കരസ്ഥമാക്കി.
  - ✓ Dr. Shankar R. – Anjaria award (Title award with cash Prize)
  - ✓ Dr. Sujarani – Nutraceuticals oral session (First Prize)
  - ✓ Dr. Harisankar V.J – Pharmacokinetics oral session (First Prize)
  - ✓ Dr. Arundhathy S Nair – Animal welfare/GLP in silico oral session (First prize)
  - ✓ Dr. Aparna S. Sivapriya – Antimicrobiologicals and AMR poster (First prize)
  - ✓ Dr. Divya Rajaselvi N – Antimicrobials and AMR oral session (First prize)

- മധുരയിൽ വച്ചു നടന്ന IPSACON 2022 -ൽ സർവ്വകലാശാലാ അക്കാദമിക് & റിസർച്ച് വിഭാഗം മുൻ ഡയറക്ടർ ആയിരുന്ന ഡോ. എ.ജലാലുദ്ദീന് Indian Poultry Science Associations Lifetime Achievement Award 2022 ലഭിച്ചു.

- മധുരയിൽ വച്ചു നടന്ന IPSACON 2022 -ൽ ഡോ. അശ്വതി. പി.ബി., അസി. പ്രൊഫസർ, പൗൾട്രി സയൻസ്-ന് Young scientist award ലഭിച്ചു.

- ജബർപൂരിൽ വച്ചു നടന്ന Assisted Reproductive National Conference-ൽ ഡോ. അഭിലാഷ്. ആർ.എസ്. Best oral presentation award കരസ്ഥമാക്കി.

- മേഘാലയയിൽ വച്ചു നടന്ന IAVPHS Conference -ൽ ഡോ. സി. ലത – DAR, A T Sherikar Lifetime achievement award കരസ്ഥമാക്കി.

- ഇന്ത്യൻ വെറ്ററിനറി അസോസിയേഷന്റെ സംസ്ഥാനതലത്തിലെ മികച്ച അദ്ധ്യാപികക്കുളള അവാർഡ് ഡോ. എസ്.മായ (CoVAS Pookode) കരസ്ഥമാക്കി.

- സർവ്വകലാശാലാ മീറ്റ് പ്ലാന്റ് ISO 22000 Certificate കരസ്ഥമാക്കി.

- സർവ്വകലാശാലയുടെ എൽ.ആർ.എസ് തിരുവിഴാംകുന്നിൽ ഫാം ഡേ **പൊലിമ @ 2023** 13/01/2023 തീയതിൽ വിപുലമായി സംഘടിപ്പിച്ചു. വൈസ് ചാൻസലറും സർവ്വകലാശാലാ ഓഫീസർമാരും പങ്കെടുത്ത പരിപാടിയോടനുബന്ധിച്ച് പൂർത്തീകരിച്ച സ്റ്റേറ്റ് പ്ലാൻ പദ്ധതികളുടെ ഉദ്ഘാടനവും, പുതിയ RF പ്രോജക്ട്, കാർഷിക സെമിനാർ, തൊഴിലാളികൾക്കായുള്ള തുടർ നൈപുണ്യ പരിശീലന പരിപാടി എന്നിവയും നടത്തി.

- സംസ്ഥാന കാർഷിക-കർഷകക്ഷേമ വകുപ്പും, കേരള കാർഷിക സർവ്വകാലശാലയും സംയുക്തമായി അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ വച്ചു നടത്തിയ **അന്താരാഷ്ട്ര പൂഷ്പമേള - പൂപ്പൊലി 2023** -ൽ സർവ്വകലാശാലാ പങ്കെടുക്കുകയും ഗവൺമെന്റ് തലത്തിലെ മികച്ച സ്റ്റാളായി സർവ്വകലാശാലയുടെ സ്റ്റാൾ തിരഞ്ഞെടുക്കുകയും ചെയ്തു.

- ISVS യുടെ വാർഷിക കോൺഗ്രസ് നാഗ്പൂരിൽ നടന്നു. ഡോ.സുധീഷ്.എസ്. നായർ Best oral presentation-നുള്ള സ്വർണ്ണമെഡലിന് അർഹനായി.

- Cadet **Densil Mariya Astride Paramveer** won Gold medal in Veteran girls hacks Competition at RDC (Republic day Camp).

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

| | |
|---|---|
| I.1 | Presentation on achievements of the University/Research Achievements of Scientists, if any. |
| **Decision** | No items were presented. |
| I.2 | Elections, if any, to be conducted. |
| **Decision** | No elections to be conducted. |
| I.3 | Answering of questions, if any.<br>**<u>ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച ചോദ്യങ്ങൾ:</u>**<br>**ചോദ്യം 1:** പല ഗവൺമെന്റ് ഫാമുകളിലും തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക മുഴുവനായും കൊടുത്ത സാഹചര്യത്തിൽ K.V.A.S.U. യിലെ തൊഴിലാളികൾക്ക് ടി. കുടിശ്ശിക നൽകാനുള്ള കണക്കെടുക്കാൻ ബന്ധപ്പെട്ട സ്റ്റേഷൻ മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ടോ?<br>**ഉത്തരം (ചോദ്യം 1) :** തൊഴിലാളികളുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട വിതരണം ചെയ്യേണ്ടുന്ന കുടിശ്ശിക തുക കണക്കാക്കിയിട്ടുള്ളതാണ്.<br><br>**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു.<br>*നടപടി: ഫിനാൻസ് ഓഫീസർ*<br>----------------------------------------------------------------------<br>**ചോദ്യം 2:** മണ്ണുത്തിയിലെ കറവപശുക്കളെയും ഹൈഫറുകളെയും വിൽക്കാൻ തീരുമാനിച്ചതിന്റെ കാരണം?<br>**ഉത്തരം (ചോദ്യം 2) :** ബഫല്ലോ ഫാമിൽ നിലവിൽ 3 ഷെഡുകൾ മാത്രമാണുള്ളത്. ഈ മൂന്നിലും കൂടി 72 ഉരുക്കളെ മാത്രമാണ് നിർത്താൻ സാധി |

ക്കുന്നത്. ചെറിയ കുട്ടികളെ നിർത്തുവാനുള്ള സ്ഥലത്ത് 6 കുട്ടികളെ നിർത്തിയാൽ മൊത്തം 78 ഉരുക്കളെ നിർത്താവുന്നതാണ്.

ഫാമുകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി പുൽതൊട്ടിയും വെള്ള തൊട്ടിയും പണിയുന്നതിനും അതുപോലെ തന്നെ വേലികെട്ടിയ തുറസ്സായ സ്ഥലത്ത് നിൽക്കുന്ന ചെറിയ ഷെഡിന്റെ വികസനവും വെള്ളതൊട്ടി നിർമ്മാണവും തുടങ്ങുന്ന സാഹചര്യത്തിൽ, ഷെഡുകൾക്കിടയിലുള്ള സ്ഥലത്ത് അധികമായി നിന്നിരുന്ന 20 ഉരുക്കളെ വിൽക്കുന്നതിനു തീരുമാനിച്ചിരുന്നു. അതുപോലെ കറവപ്പശുക്കളെ വിൽക്കുന്നതിലേക്ക് വില നിശ്ചയിച്ചു തീരുമാനമെടുത്തിട്ടുളളതിന്റെ അടിസ്ഥാനത്തിൽ 2 പശുക്കളെ കർഷകർക്ക് കൊടുത്തിട്ടുമുണ്ട്.

**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു.
*നടപടി: ഡയറക്ടർ (ഫാംസ്)*

======================================== ====================

**<u>ശ്രീ. രവിചന്ദ്രൻ. യു കെ.ആർ. ഉന്നയിച്ച ചോദ്യങ്ങൾ:</u>**

**ചോദ്യം 3:** വിരമിച്ച ഫാം സ്റ്റാഫിന്റെ കോടതി വിധി ലഭിച്ചതിന് ശേഷം എന്ത് ലീഗൽ അഡ്വൈസിന്റെ തീരുമാനത്തിലാണ് പെട്ടന്ന് ഒരു കത്ത് ഗവൺമെന്റിലേക്ക് അയച്ചത്.

**ഉത്തരം (ചോദ്യം 3) :** സർവ്വകലാശാലയെ കൂടാതെ സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പ് (പി.ആർ.സി.) വിഭാഗം പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ എന്നിവരെ കൂടി എതിർകക്ഷി ആയി ഫയൽ ചെയ്ത കേസിലെ ബഹു. ഹൈക്കോടതി വിധി ന്യായത്തിൽ ഗവൺമെന്റ് കോടതിയെ അറിയിച്ച തടസ്സം പരാമർശിച്ച് നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, നടപടി ക്രമങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കുന്നതിന് അധികാരികൾക്ക് അവസരമുണ്ടായിരിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഗവൺമെന്റ് താൽപ്പര്യം അറിയേണ്ട നിയമപരമായ ബാധ്യത സർവ്വകലാശാലയ്ക്ക് ഉള്ളതിനാലാണ് ഉപദേശം തേടി ഗവൺമെന്റിന് കത്ത് നൽകിട്ടുള്ളത്.
**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു.
*നടപടി: രജിസ്ട്രാർ*

---

**ചോദ്യം 4:** ഇന്റേണൽ സെലക്ഷൻ അപേക്ഷ സ്വീകരിച്ചിട്ട് രണ്ട് വർഷമായിട്ടും നടപ്പിലാകാത്തതിന് എന്താണ് തടസ്സം ? കാലതാമസത്തിന്റെ കാരണമെന്താണ്.

**ഉത്തരം (ചോദ്യം 4) :** ഇന്റേണൽ സെലക്ഷൻ സംബന്ധിച്ച് ഭരണ സമിതി തീരുമാന പ്രകാരം നടപടി ക്രമങ്ങൾ നിശ്ചയിച്ച് 27-07-2022 തീയതിയിൽ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സെലക്ഷൻ കമ്മിറ്റിയിലേക്ക് സർവ്വകലാശാലക്കു പുറമേയുള്ള വിദഗ്ദാംഗങ്ങളെ കൂടി ഉൾപ്പെടുത്തിയാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കേണ്ടത്. അതിൻ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

| | |
|---|---|
| | ഇതിൽ അങ്ങേയറ്റം സൂക്ഷമത പുലർത്തേണ്ടതുള്ളതിനാലും, ബന്ധപ്പെട്ട ഓഫീസിലെ ജോലി ഭാരവും മൂലമാണ് കാലതാമസം അനുഭവപ്പെടുന്നത്. പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**തീരുമാനം :** നൽകിയ ഉത്തരം അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| I.4 | Motions without notice, if any.<br><br>**ശ്രീ. വിഷ്ണു. ടി. ഉന്നയിച്ച അടിയന്തിര പ്രമേയങ്ങൾ.**<br>**അടിയന്തിര പ്രമേയം: 1**<br><br>1) ഹോസ്റ്റൽ കർഫ്യൂ വിഷയവുമായി ബന്ധപ്പെട്ട് 06/12/2022ന് കേരള സർക്കാർ ആരോഗ്യ വകുപ്പ് പുറത്തിറങ്ങിയ ഉത്തരവ് പ്രകാരം (നം.2887/2022/H&FWD) മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ സമയ പരിധി ആവശ്യമായ നിർദ്ദേശങ്ങളോടു കൂടി എടുത്തു മാറ്റാൻ ഉതരവാകുകയുണ്ടായി. തുടർന്ന് ആരോഗ്യ വകുപ്പിന്റെ ഉത്തരവിനെ മുൻനിർത്തി മൃഗസംരക്ഷണ വകുപ്പ് ഈ വിഷയത്തിൽ വെറ്ററിനറി സർവകലാശാലയിലെ എല്ലാ കോളേജുകളിലും മേല്പറഞ്ഞ ഉത്തരവ് നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് സമാനമായ ഉത്തരവ് 26/12/2022ന് (നം.572/2022/AHD) പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവ് സർവകലാശാല തലത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മണ്ണുത്തി വെറ്ററിനറി കോളേജിൽ PA/ VET/2022/92 പ്രകാരം യോഗം കൂടുകയുണ്ടായി. എന്നാൽ ഇതിനു ശേഷം ആരോഗ്യവകുപ്പിന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും ഉത്തരവുകൾ സർവകലാശാല തലത്തിൽ നടപ്പിലാക്കുന്നതിനായി സർവകലാശാലയുടെ ഭാഗത്തു നിന്ന് ഇതുവരെ അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ല. ആയതിനാൽ മേല്പറഞ്ഞ സർക്കാർ ഉത്തരുവുകൾ സർവകലാശാല തലത്തിൽ നടപ്പിലാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br><br>**തീരുമാനം :** ഇതു സംബന്ധിച്ച് റിപ്പോർട്ട് തേടിയിട്ടുള്ള സാഹചര്യത്തിൽ, റിപ്പോർട്ട് ഇനിയും സമർപ്പിക്കാനുള്ള കോളേജുകളിൽ നിന്നും ആയത് അടിയന്തിരമായി ലഭ്യമാക്കി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രായോഗിക വശങ്ങൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന തീരുമാനത്തോടെ പ്രമേയം അംഗീകരിച്ചു.<br>***നടപടി: ഡി.എ.ആർ.***<br>---------------------------------------------------------------------<br><br>**അടിയന്തിര പ്രമേയം: 2**<br><br>2) മണ്ണുത്തി ക്യാംപസിലെ ഗ്രൗണ്ടുകൾ പൊതുപരിപാടികൾക്ക് സ്ഥിരമായി വിട്ടു നൽകുന്ന പ്രവണതയുണ്ട്. പരിപാടികൾക്കാവശ്യമായ നിർമാണ പ്രവർത്തനങ്ങൾക്കായി ഗ്രൗണ്ടിൽ കുഴികൾ നിർമിക്കുകയും തൽഫലമായി കേടുപാടുകൾ ഉണ്ടാകുകയും ചെയ്യുന്നു. ഇത് പിന്നീട് കായികാവശ്യങ്ങൾക്കായി ഗ്രൗണ്ടിനെ ഉപയോഗിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആയതിനാൽ ഗ്രൗണ്ടിൽ പൊതുപരിപാടികൾക്ക് അനുമതി നൽകുന്നത് പരിമിതപ്പെടുത്തുകയോ, അല്ലാത്ത പക്ഷം പരിപാടികൾക്കുശേഷം ഗ്രൗണ്ടിലെ കേടുപാടുകൾ പരിഹരിക്കാൻ വേണ്ട അടിയന്തര നടപടികൾ കൈക്കൊള്ളുകയോ ചെയ്യണമെന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br><br>**തീരുമാനം :** പ്രമേയം അംഗീകരിച്ചു. |

*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)*

---

**അടിയന്തിര പ്രമേയം: 3**

3) മണ്ണുത്തി ക്യാമ്പസ്സിലെ ഫാമിൽ നിന്നും ഉദ്പാദിപ്പിക്കുന്ന ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്നതിനായുള്ള സെയിൽസ് കൗണ്ടറിൽ മുൻവർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് ജോലി ചെയ്യാൻ അവസരം നൽകിയിരുന്നു. പഠനത്തോടൊപ്പം ചെറിയൊരു വരുമാന മാർഗം ഉണ്ടാകുന്നതു ഒരുപാടു വിദ്യാർത്ഥികൾക്ക് ആശ്വാസകരമായിരുന്നു. എന്നാൽ കോവിഡ് സമയത്ത് വിദ്യാർത്ഥികൾക്ക് സെയിൽസ് കൗണ്ടറിൽ നില്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാവുകയും അതോടൊപ്പം ഓഡിറ്റിംഗ് സമയത്ത് പണത്തിന്റെ അഭാവം ഉണ്ടായതിനെ തുടർന്ന് പിന്നീട് വിദ്യാർത്ഥികളെ സെയിൽസ് കൗണ്ടറിലേക്ക് പരിഗണിച്ചിരുന്നില്ല. സെയിൽസ് കൗണ്ടറിന്റെ അക്കൗണ്ടിങ്ങ്പരമല്ലാത്ത ജോലിയിലേക്ക് നിലവിലെ വിദ്യാർത്ഥികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൂടി പരിഗണിച്ചുകൊണ്ട് അവസരം നൽകണമെന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** ഈ വിഷയം പരിശോധിച്ച് പിന്നീട് തീരുമാനമെടുക്കാമെന്ന് ചെയർ അറിയിച്ചു.
*നടപടി: ഡയറക്ടർ (എന്റർപ്രണർഷിപ്പ്)*

===

**ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച അടിയന്തിര പ്രമേയങ്ങൾ.**

**അടിയന്തിര പ്രമേയം: 1**

1. KVASU/GA/A4/12021/2020 dtd. 14/10/2022 പ്രകാരം class IV ഇന്റേണൽ സെലക്ഷനുള്ള അപേക്ഷ സ്വീകരിച്ചതിനു ശേഷം അതിന്റെ തിരഞ്ഞെടുപ്പിനുള്ള തുടർനടപടികൾ എത്രയും പെട്ടന്ന് ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നു. 2004 മുതൽ ദിവസക്കൂലിക്കാർ/ കാഷ്വൽ തുടങ്ങി 18 വർഷത്തിലേറെ കാലമായി യൂണിവേഴ്സിറ്റിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടുന്ന പ്രമോഷൻ ഇനിയും വൈകിപ്പിക്കുന്നത് നീതികേടാണ്. കൂടാതെ KPSC യൂണിവേഴ്സിറ്റി class IV അപേക്ഷ ക്ഷണിക്കുകയും ഇതേ മാസത്തിൽ പരീക്ഷ നടത്തുന്നതിനും തീരുമാനമെടുത്ത സാഹചര്യത്തിൽ ഇന്റേണൽ സെലക്ഷൻ ഇനിയും വൈകിയാൽ കാലങ്ങളായി കാത്തിരിക്കുന്ന തൊഴിലാളികൾക്ക് PSC യുടെ നിയമനത്തിലെ class IV-നേക്കാൾ സർവ്വീസ് സീനിയോറിറ്റി എല്ലാം നഷ്ടപ്പെടുകയും ചെയ്യും അതുകൊണ്ട് നിയമന പ്രക്രിയ ത്വരിതപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.

| | |
|---|---|
| | *നടപടി: ലേബർ ഓഫീസർ/രജിസ്ട്രാർ*<br>------------------------------------------------------------------------<br>**അടിയന്തിര പ്രമേയം: 2**<br>2) തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പരാതികൾ പരിഹരിച്ച് ലിസ്റ്റ് പുതുക്കിയിട്ടുണ്ട് നാളിതുവരെയായിട്ടും നടപ്പാക്കിയിട്ടില്ല. ആയത് എത്രയും പെട്ടന്ന് നടപ്പിലാക്കുക.<br><br>**തീരുമാനം :** പ്രമേയം അംഗീകരിച്ചു.<br>*നടപടി: ലേബർ ഓഫീസർ/രജിസ്ട്രാർ*<br>**അടിയന്തിര പ്രമേയം: 3**<br>3) തൊഴിലാളികളുടെ റൊട്ടേഷൻ സംബന്ധമായി കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുക.<br><br>**തീരുമാനം :** സഭയിൽ വിശദീകരിച്ചു.<br>*നടപടി: ലേബർ ഓഫീസർ/രജിസ്ട്രാർ* |
| I.5 | Motions for change in the order of business, if any. |
| **Decision** | No suggestions have been received. |
| I.6 | Confirmation of minutes of the previous meetings & Action taken report on the minutes, if any. |
| **Decision** | Noted & confirmed. |
| I.7 | Report of the Board of Management on action taken on the decision of the Management Council. |
| **Decision** | No Report considered. |
| I.8 | Business brought forward by the Board of Management and the Vice Chancellor. |
| **Decision** | No Business brought forwarded. |
| II.1 | DAR - Approval of Results – Reg: |
| **Decision** | Approved. |
| II.2 | Reporting - DAR |
| **Decision** | Noted |
| II.3 | Reporting – CoVAS Pookode |
| **Decision** | Noted |
| II.4 | Reporting – CoVAS Mannuthy |
| **Decision** | Noted |
| II.5 | Reporting – VKIDFT Mannuthy |

| | |
|---|---|
| **Decision** | Noted |
| III.2 | Reporting – General Administration |
| **Decision** | Noted |
| IV.2 | Reporting - DoE |
| **Decison** | Noted |
| VI.1 | ധനകാര്യ വിഭാഗം – 2022 – 23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് – അംഗീകരിക്കുന്നത് – സംബന്ധിച്ച്. |
| **Decision** | അംഗീകരിച്ചു. |
| VI.2 | Reporting – FW |
| **Decision** | Noted |
| VII | Non – Official Resolutions<br><br>**ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച പ്രമേയങ്ങൾ.**<br>**പ്രമേയം 1:** യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ സ്റ്റേഷനുകളിലെ ക്വാർട്ടേഴ്സുകളിലെ വയറിങ് പലതും പഴയകാലത്തെ അലുമിനിയം കമ്പികൾ ഉപയോഗിച്ചിട്ടുള്ളതാണ്. ആയത് ഷോർട്ട് സർക്യൂട്ട് മൂലം ഒരു ക്വാർട്ടേഴ്സ് കത്തുകയും വീട്ടുപകരണങ്ങൾ മുഴുവൻ നശിക്കുകയും ചെയ്ത സാഹചര്യത്തിൽ (താമസക്കാരുടെ ജീവന് ഭീഷണിയുള്ളതിനാൽ) അടിയന്തിരമായി പഴയ വയറിങ്ങുള്ള മുഴുവൻ ക്വാർട്ടേഴ്സുകളും റീ വയറിങ് ചെയ്യുന്നതിനും താമസക്കാരിൽ നിന്ന് H.R.A + വാടക ഈടാക്കുന്നത് ഒഴിവാക്കി H.R.A. മാത്രം ഈടാക്കുന്നതിനും ഈ യോഗം തീരുമാനിക്കുന്നു.<br>**റിമാർക്ക്സ്/നോട്സ്:** ഇതുവരെ ലഭിച്ച പരാതികൾ പരിഹരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. വളരെ കാലപ്പഴക്കമുള്ള ക്വാർട്ടേഴ്സുകളുടെ റീ-വയറിംഗ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലെ സർക്കാർ ഉത്തരവുകളും, പേ-റിവിഷൻ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ താമസക്കാരിൽ നിന്നും എച്ച്.ആർ.എ, വാടക എന്നിവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.<br><br>**തീരുമാനം :** ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്നതും, അനധികൃതമായി ഉപയോഗത്തിലുള്ളതുമായ ക്വാട്ടേഴ്സുകൾ കണ്ടെത്തി നടപടികൾ സ്വികരിക്കുന്നതി |

നും, അടിയന്തിരമായി ചെയ്യേണ്ടതായ റീ-വയറിംഗ് നടത്തുന്നതിനും തീരുമാനിച്ചു കൊണ്ട് പ്രമേയം അംഗീകരിച്ചു.
***നടപടി:*** *ഡയറക്ടർ (ഐ.ഡി. വിംഗ്)/ ഫിനാൻസ് ഓഫീസർ*

**പ്രമേയം 2:** വിവിധ സ്റ്റേഷനുകളിൽ നിന്നും പൂക്കോട് സ്റ്റേഷനിലേക്ക് താൽക്കാലികമായി മാറ്റിയ സ്ഥിരം തൊഴിലാളികളുടെ പോസ്റ്റുകളിൽ തൊഴിലാളികളുടെ മരണം, റിട്ടയർമെന്റ് എന്നീ കാരണങ്ങളാൽ ഒഴിവു വന്ന പോസ്റ്റുകൾ അതാതു സ്റ്റേഷനുകളിലേക്ക് തിരിച്ചെടുത്ത്

2017-ൽ കാഷ്വലായി ജോലിക്കെടുത്ത തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്ട്സ്:** കെ.വി.എ.എസ്.യു./ജി.എ./എൽ.ഒ./735/2015 നമ്പറിലുള്ള 28-02-2020 തീയതിയിലെ ഉത്തരവ് പ്രകാരം സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളി നിയമനം മുൻകാല പ്രാബല്യത്തോടെ ക്രമപ്പെടുത്തിയതിനു ശേഷം, മണ്ണുത്തി, പൂക്കോട് കാമ്പസ്സുകളിലായി വിരമിക്കൽ/മരണം മൂലം 17 സ്ഥിരം തൊഴിലാളി ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. പൂക്കോടിതര കാമ്പസ്സുകളിൽ നിന്ന് സ്ഥിരം തൊഴിലാളി തസ്തിക ഷിഫ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, മേൽ പ്രകാരം ഒഴിവുള്ള തസ്തികകൾ എത് ക്യാമ്പസ്സിലേക്ക് മാറ്റി നൽകണമെന്ന കാര്യത്തിൽ നയപരമായ തീരുമാനത്തിന് വീണ്ടും ഭരണസമിതിക്ക് വിവരങ്ങൾ സമർപ്പിക്കുന്നതാണ്. സർവ്വകലാശാലക്ക് 118 അധികം തൊഴിലാളി തസ്തികകൾ അനുവദിക്കുന്നതിനു, മൃഗ സംരക്ഷണ ക്ഷീര വകസന വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ ഫാം തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച്, സ.ഉ. (കൈ) നം. 30/22/എ.എച്ച്.ഡി. നമ്പറിൽ 30-11-2022 -ൽ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.
***നടപടി:*** *രജിസ്ട്രാർ/ലേബർ ഓഫീസർ*

------------------------------------------------------------------------------------------

**പ്രമേയം 3:** യൂണിവേഴ്സിറ്റി ഡയറി പ്ലാന്റിൽ നിരവധി പാലുൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സാഹചര്യമുണ്ടായിട്ടും അത് ചെയ്യാതെ പാൽ വിൽക്കാനാവാതെ നിരന്തരം കേടുവന്നതുമായും, A.I.C.R.P. പൗൾട്രി ഫാമിൽ ഒരു ഹാച്ചിലെ മുഴുവൻ കുഞ്ഞുങ്ങളും, ചില ഹാച്ചിലെ കുഞ്ഞുങ്ങൾ ഭാഗികമായും ചത്തുപോയതിനും യൂണിവേഴ്സിറ്റിതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്ട്സ്:** പാലിന്റെ കാര്യത്തിലെന്നപോലെ, മിക്ക പാലുൽപ്പന്നങ്ങളുടെയും കാര്യത്തിലും സൂക്ഷിപ്പ് കാലാവധി വളരെ പരിമിതമാണ്. അതിനാൽ ഈ ഉൽപ്പന്നങ്ങളുടെ കൂടുതലളവിലുള്ള ഉൽപ്പാദനം, ആവശ്യമായ

വിപണി ഉണ്ടെന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. നിശ്ചിത കാലയളവിനുള്ളിൽ വിറ്റു തീരുകയും വേണം. ഈ സാഹചര്യം കണക്കിലെടുക്കുമ്പോൾ, അധിക പാലിന്റെ പ്രശ്നം പരിഹരിക്കുന്നതിനായി, ഡയറി പ്ലാന്റ് സാധാരണയായി വേഗത്തിൽ ചെലവാകുന്നവ/ അധിക സൂക്ഷിപ്പ് കാലാവധി ഉള്ളവുമായ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ പനീർ, പേഡ തുടങ്ങിയവ കൂടുതൽ അളവിൽ തയ്യാറാക്കുകയാണ് ചെയ്യാറുള്ളത്. അധിക പാൽ നിശ്ചിത കാലയളവിൽ ഉപയോഗിച്ച് തീരത്തക്ക വിധം ഗുലാബ് ജാമുൻ തയ്യാറാക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുവായ ഖോവയായി പരിവർത്തനം ചെയ്യപ്പെടുന്നു. കൃത്യമായ ഉപഭോക്തൃ തലത്തിലുള്ള അവലോകനം നടത്താതെ കൂടുതൽ അളവിൽ പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് വളരെയധികം സാമ്പത്തിക നഷ്ടത്തിന് കാരണമാകുന്നു. കൂടാതെ വിപണിയിൽ ഏതെങ്കിലും പുതിയ ഉൽപ്പന്നം അവതരിപ്പിക്കുന്നതിന് മുമ്പ്, നിരവധി ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത് ഉൽപ്പന്നത്തിൽ സ്ഥിരത ഉറപ്പാക്കാൻ വേണ്ടി ഉൽപാദനപ്രക്രിയ സ്റ്റാൻഡേർഡൈസ് ചെയ്യേണ്ടതും സൂക്ഷിപ്പ് കാലാവധിയിലുടനീളം പാലിക്കപ്പെടേണ്ട ഉൽപ്പന്നത്തിന്റെ ഗുണനിലവാരം മാനദണ്ഡങ്ങൾ ഉറപ്പാക്കാൻ ഷെൽഫ് ലൈഫ് പഠനങ്ങൾ നടത്തേണ്ടതും അത്യാവശ്യമാണ്.

ഡയറി പ്ലാന്റിന്റെ പതിവ് പ്രവർത്തനങ്ങൾ സ്റ്റൈപന്ററി ട്രെയിനികളുടെയും ഡയറി പ്ലാന്റിൽ ലഭ്യമായ പരിമിതമായ ജീവനക്കാരുടെയും സഹായത്തോടെയാണ് കൈകാര്യം ചെയ്യുന്നത്. നിർഭാഗ്യവശാൽ ഒഴിവുകൾ പലതവണ അറിയിച്ചിട്ടും നിലവിൽ പല സ്റ്റൈപ്പൻഡറി ട്രെയിനി സീറ്റുകളും ഒഴിഞ്ഞുകിടക്കുന്നു. മാനേജീരിയൽ തലത്തിലും ജീവനക്കാരുടെ കുറവുണ്ട്. അധികമുള്ള പാൽ മൂല്യവർധിത പാലാക്കി മാറ്റാൻ ഡയറി പ്ലാന്റ് നേരിടുന്ന പരിമിതികളാണിത്.

ഇത്തരം പരിമിതികൾ നിലനിൽക്കുമ്പോഴും, അധിക പാൽ വരുന്ന സാഹചര്യങ്ങളിൽ ആയവ മൂല്യവർധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുള്ള സാധ്യമായ എല്ലാവിധ മാർഗ്ഗങ്ങളും ഈ പ്ലാന്റിൽ അവലംബിച്ച് വരുന്നു.

എ.ഐ.സി ആർ.പി. പൗൾട്രി ഫാമിലെ 23/11/2022 ന് ഏകദേശം 3991 മുട്ടകൾ വിരിയിക്കാൻ Setter മെഷീനിൽ വച്ചിട്ടുണ്ടായിരുന്നു. അതിൽ 3514 മുട്ടകൾ Fertile egg ആയിരുന്നു. 06/12/2022 ന് രാത്രി Setter തകരാറായി Temperature കൂടിയതുകൊണ്ട് 14/12/2022 ന് വിരിഞ്ഞിറങ്ങേണ്ട കുഞ്ഞുങ്ങൾ ഒന്നും തന്നെ വിരിഞ്ഞില്ല. Setter തകരാറിലായ ദിവസം ദിവസവേതനാടിസ്ഥാനത്തിൽ പൗൾട്രി അറ്റൻഡന്റായി രാത്രിസമയം ജോലി ചെയ്തിരുന്ന ശ്രീ എബി വർഗ്ഗീസ് Setter മെഷീനിന്റെ Relay box മാറ്റി Setter ശരിയാക്കിയിരുന്നു. എന്നാൽ ഈ കാര്യം ടിയാൻ മേലുദ്യോഗസ്ഥരെ അറിയിച്ചിരുന്നില്ല. ഈ വിഷയം സംബന്ധിച്ച് Director, Centre for Advanced Studies in Poultry Science, Manntuhy യുടെ അധ്യക്ഷതയിൽ 21/12/2022 ന് ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം ശ്രീ. എബി വർഗ്ഗീസിനെ ജോലിയിൽ നിന്ന് വിടുതൽ ചെയ്തിട്ടുണ്ട്.

**തീരുമാനം :** രജിസ്ട്രാർ നടപടികൾ വിശദീകരിച്ചു. മറ്റു നടപടികൾ ആവശ്യമില്ല എന്ന് തീരുമാനിച്ചു.

***നടപടി:*** *ഡയറക്ടർ (ഫാംസ്)*

**ശ്രീ. രവിചന്ദ്രൻ. യു. ഉന്നയിച്ച പ്രമേയം.**

**പ്രമേയം 4:** [illegible] പെൻഷൻ പറ്റിയ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കമ്മീഷന്റെ [illegible] പോയിന്റുകൾ അംഗീകരിച്ചു വന്ന സാഹചര്യത്തിലും ബഹു. ഹൈക്കോടതി കൂടെ ഉത്തരവിന്റെ സാഹചര്യത്തിൽ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സഭ യോഗത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്ക്സ്/നോട്സ്:** തസ്തിക പുന ക്രമീകരണത്തിന് ഗവൺമെന്റ് സാധൂകരണം ലഭ്യമായ സാഹചര്യത്തിൽ നാളിതുവരെ നടത്തിയ നിയമനങ്ങളും പ്രമോഷനുകളും ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്. ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച നിയമോപദേശവും ഗവ. ഉപദേശവും ആവശ്യമായി വരുന്ന വിധത്തിൽ വിധിന്യായത്തിൽ പരാമർശമുള്ള സാഹചര്യത്തിൽ അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

============================================================ ==

**ഡോ. ഗിരിഷ് വർമ്മ ഉന്നയിച്ച പ്രമേയം.**

**പ്രമേയം 5**: ***കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ മുന്നിൽ കണ്ടുകൊണ്ടാണ് കേരള വെറ്ററിനറി & ആനിമൽ സയൻസ് സർവ്വകലാശാലയുടെ ആദ്യ സംരംഭങ്ങളിൽ ഏറെ പ്രാധാന്യത്തോടെ 2011ൽ കേന്ദ്ര സർക്കാറിന്റെ ഒറ്റത്തവണ ധനവിഹിതം (one time grant) ഉപയോഗിച്ച് Centre for Animal Adaptation to Environment & Climate Change Studies (CAADECCS) സ്ഥാപിയ്ക്കപ്പെടുന്നത്. സ്വന്തമായ കെട്ടിടം, ഉപകരണങ്ങൾ, അദ്ധ്യാപന – പരിശീലന – ഗവേഷണ – പ്രസിദ്ധീകരണ സംവിധാനങ്ങൾ എന്നിവ കാഡെക്സിൻ്റെ ആദ്യകാല നേട്ടങ്ങൾ കൈവരിക്കുന്നതിന് നിർണ്ണായകമായിട്ടുണ്ട്.***

***RKVY ധന സഹായത്തോടെ കൃത്രിമ കാലാവസ്ഥാ പേടകത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനത്തിൻ്റെ മറ്റൊരു ഘട്ടത്തിൽ എത്തിനിൽക്കുകയാണ് കാഡെക്സ്.***
***ഈ അവസരത്തിൽ, പഠന, പരിശീലന, ഗവേഷണ രംഗത്ത് KVASU വിന് പുറത്ത് ഉള്ള വിദഗ്ധരെയും സ്ഥാപനങ്ങളെയും കൂടി ഉൾക്കൊള്ളാവുന്ന തരത്തിൽ വിപുലമായ ഒരു സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.***

***ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച് (DAR) ൻ്റെ നേതൃത്വത്തിൽ ഇത്തരം ഒരു സംവിധാനം നടപ്പിൽ വരുത്തുവാൻ ഈ മാനേജ്മെന്റ് കൗൺസിൽ യോഗം തീരുമാനിക്കുന്നു.***

**റിമാർക്ക്സ്/നോട്സ്:** കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പരിസ്ഥിതി കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം കാലാവസ്ഥാനുബന്ധിയായി മൃഗങ്ങളിൽ നടത്താവുന്ന അത്യാധുനിക ഗവേഷണങ്ങൾക്ക് ഇന്ന് സുസ്സജ്ജമാണ്. ലോകോത്തര ഗേവഷണ സൗകര്യങ്ങളുടെ പിൻബലത്തോടെ ലോകത്തെ മുന്തിയ സർവ്വകലാശാലകളുമായി ചേർന്ന് ഗവേഷണപദ്ധതികൾ ആവിഷ്കരിക്കുവാനും, പരസ്പര സഹായത്തിലൂന്നിയ പഠന സാധ്യതകൾ ആരായുവാനും ശ്രമങ്ങൾ നടക്കുന്നു. ആസ്ട്രേലിയയിലെ മുന്തിയ സർവ്വകലാശാലയായ മെൽബൺ സർവ്വകലാശാലയുമായി സഹകരിച്ച പ്രവർത്തിക്കാനുള്ള നീക്കങ്ങൾ പുരോഗമിക്കുന്നുണ്ട്. കാലാവസ്ഥാനുബന്ധിയായ ഗവേഷണങ്ങൾ നടത്തുന്നതിന് സഹായകമാകുന്ന രീതിയിൽ ഈ രംഗത്ത് വൈദഗ്ധ്യമുള്ള വ്യക്തികളുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി പുറമെ നിന്നുള്ള സർവ്വകലാശാലകളുടെ സാങ്കേതിക വൈദഗ്ധ്യം പ്രയോജനപ്പെടുന്ന രീതിയിൽ സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.
***നടപടി:*** *ഡി.എ.ആർ.*

============================================================ ==

**Resolution raised by Dr. Pramod. K**

## RESOLUTION 6:

UGC as per the decision in the 563rd meeting held on 22-12-2022, issued a public notice (No. F. 9-1/ 2020 (PS/ Misc)) issued on 23-12-2022 regarding a clarification on clauses 6.4(C)(III)(5) and 6.4(C)(IV)(4) in the existing UGC regulations (2018) on the eligibility of university teachers for promotion to cadres of Associate Professor and Professor by career advancement promotion. Accordingly, evidence of research guidance of doctorate students became mandatory for university teachers. It is practically not possible for the teachers of KVASU to satisfy this criterion at the present student enrollment rate for PhD and also according to the existing academic regulations of the university. UGC regulations for CAS promotions are pertaining to the teachers in university departments of mainly general universities, where research guidance is the major responsibility of faculty members, whereas, in universities like KVASU, teachers have mandates of teaching, research and extension. Major responsibility being the UG teaching along with additional academic, administrative, farm and clinical responsibilities. Hence the regulations regarding committee for research guidance need to be revised to redress this issue.
According to the new BSMA common academic regulations for PG and PhD issued by ICAR, formation of advisory committees is as per clause 5.1 which states that:

*There shall be an Advisory Committee for every student consisting of not fewer than three members in the case of a candidate for Masters' degree and four in the case of Ph.D. degree with the Advisor as Chairperson. The Advisory Committee should have representatives from the major and minor fields amongst the members of the Post-graduate faculty accredited for appropriate P.G. level research. However, in those departments where qualified staff exists but due to unavoidable reasons Post-graduate degree programmes are not existing, the staff having Post-graduate teaching experience of two years or more may be included in the Advisory Committee as members representing the minor.*

But the Academic Council of KVASU in its 32nd meeting decided to continue the existing regulations as such (Clauses 15.2 and 15.3) which states that:

*15.2. For Masters Degree programme, the Advisory Committee shall consist of a Major Advisor (Chairperson) and 3 other members including the Head of the Department concerned and a member from the related field of study. The chairperson with the permission of the faculty Dean can co-opt one additional member in the advisory committee. The additional member shall be from outside the University. At least two members in addition to the chairperson shall be from the discipline/subject from which the degree programme is being offered. Any member, who is to be co-opted to the advisory committee, shall be recognized by the academic council.*

*15.3. For Doctorate programme, the Advisory committee shall consist of a Major Advisor and 4 other member including the Head of Department concerned and two members from outside the major field of study. If necessary, the chairperson with the permission of the faculty Dean can co-opt one additional member also in the advisory committee. The additional member shall be from outside the University. Atleast three including the chairperson shall be from the discipline/subject from which the degree programme is being offered. Any member, who is to be co-opted to the advisory committee, shall be recognized by the academic council.*

University has decided to follow BSMA regulations and syllabus fully and and frame regulations and changes wherever BSMA regulations are silent. Adopting clause 5.1 of BSMA regulations, as such, will increase the chances of younger faculty members to attain better research guidance experience and satisfy the requirements clarified by UGC.

Hence the house hereby approves this resolution to recommend and give directions to the Academic Council of KVASU to adopt clause 5.1 of BSMA common academic regulations issued by ICAR regarding formation of advisory committees of PG and PhD.

**Remarks/Note:** Submitted before the Council for consideration and decision.

**DECISION:** Approved and recommended to the Academic Council.
*Action: DAR*

| | |
|---|---|
| OA: 1 | DoE – Approval of Results (Distance Learning Programme) |
| **Decision** | Approved |

**OUT OF GENERAL DISCUSSION:**
വിവിധ അനധ്യാപക തസ്തകകളിലേക്കു പി.എസ്.സി. വഴി നിയമനം നടത്തുന്നതിലേക്ക് ആവശ്യമായ ഭേദഗതികൾ സർക്കാർ ഉത്തരവിൽ നിദ്ദേശിച്ചിരിക്കുന്നതു പ്രകാരം സ്റ്റാറ്റ്യൂട്ടിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ബഹു. അംഗങ്ങളായ ശ്രീ. രവിചന്ദ്രൻ. യു., ഡോ. സാബിൻ ജോർജ്ജ് എന്നിവർ അഭിപ്രായപ്പെട്ടു. ആയതിന്റെ നടപടികൾ അവസാന ഘട്ടത്തിലാണെന്നും, ഉടൻ പൂർത്തിയാക്കുമെന്നും രജിസ്ട്രാർ സഭയെ അറിയിച്ചു.

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 03.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**//True Copy//**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(07-02-2023 തീയതിയിൽ അംഗീകരിച്ചു.)*

**SECTION OFFICER - GA/B Section**